(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലോക്കൽ പോലീസും ജില്ലാ ആംഡ് റിസർവ്വും തമ്മിലുള്ള സംയോജനം

1 (1464) ശ്രീ. എൻ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോക്കൽ പോലീസും ജില്ലാ ആംഡ് റിസർവ്വും തമ്മിൽ സംയോജിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) സംയോജനത്തിനുശേഷം ഈ പോലീസുകാരെ പോലീസ് സ്റ്റേഷനുകളിലേക്ക് വിന്യസിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ സ്റ്റേഷനുകളിലെ ജീവനക്കാരുടെ എണ്ണം എത്രയായി വർദ്ധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് വാഹനസൗകര്യമില്ലാത്ത ഏതെങ്കിലും പോലീസ് സ്റ്റേഷനുകളുണ്ടോ ; എങ്കിൽ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10-12-2010 തീയതിയിലെ ജി.ഒ. (പി) 268/2010/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലോക്കൽ പോലീസും ജില്ലാ ആംഡ് റിസർവ്വും തമ്മിൽ സംയോജിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ലോക്കൽ പോലീസും ജില്ലാ ആംഡ് റിസർവ്വ് പോലീസും സംയോജിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഉദ്ഘാടനം 2-2-2011-ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വച്ചുനടന്നു.

(ബി) ഉണ്ട്. ജീവനക്കാരുടെ എണ്ണം എത്രയായി വർദ്ധിപ്പിക്കുമെന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

(സി) സംസ്ഥാനത്തുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും വാഹന സൗകര്യങ്ങൾ നിലവിലുണ്ട്.

പോലീസുകാരുടെ ക്ഷേമത്തിനായി നടപടി

2 (1465) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് വകുപ്പിൽ പോലീസുകാരുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly